⇨ ഇതെല്ലാം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന സമരങ്ങളാണ് ⇨

# നാളത്തെ നയങ്ങളും നിയമങ്ങളും രൂപപ്പെടുത്തുന്നത് നമ്മളാണ്

എവിടെയൊക്കെയാണ് ആദിവാസിയുള്ളത് അവിടെയൊക്കെ വനവും ഭൂമിയും നദിയും എല്ലാം സുരക്ഷിതമാണെന്നും അത് എല്ലാ ജീവജാലങ്ങൾക്കുമുള്ളതാണെന്നും ആദിവാസികൾ ഒന്നിച്ചു ജീവിക്കുന്നു എന്നതുകൊണ്ടുതന്നെ അവർ എല്ലാം ഒന്നിച്ചുതന്നെ സംരക്ഷിക്കുമെന്നും ഝാർഖണ്ഡിലെ ആദിവാസി നേതാവ്

**ദയാമണി ബർള**

വനാവകാശ നിയമവുമായി ബന്ധപ്പെട്ട് കൊടുങ്ങല്ലൂർ എം.ഇ.എസ് അസ്മാബി കോളെജിൽ നടത്തിയ പ്രസംഗം.

**സർക്കാരിന്റെ** ജനവിരുദ്ധവും പരിസ്ഥിതിവിരുദ്ധവുമായ നയങ്ങൾക്കെതിരെ സമരം ചെയ്യുന്ന എല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ തുടങ്ങട്ടെ. ഭൂമിക്ക് വേണ്ടി സമരം ചെയ്യുന്നവരേയും പ്രഗത്ഭരായ പത്രപ്രവർത്തകരേയും അടിച്ചമർത്തുന്ന കാലത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ഈ സാഹചര്യത്തിൽ തന്നെ വനാവകാശത്തെക്കുറിച്ച് സംസാരിക്കേണ്ടി വന്നതിൽ സന്തോഷമുണ്ട്.

ആദിവാസികളുടെ വിഭവാധികാരം അംഗീകരിക്കാൻ വേണ്ടി 2006ൽ കൊണ്ടുവന്ന നിയമമാണ് വനാവകാശ നിയമം. സർക്കാർ ആദിവാസി സമൂഹങ്ങൾക്ക് ഒരു അവസരം നൽകുകയായിരുന്നു. കാട്, പുഴ, മരങ്ങൾ എന്നിവയോട് അഭേദ്യമായ ബന്ധം പുലർത്തുന്ന ആദിവാസി ജനവിഭാഗങ്ങൾ രാജ്യത്തിന്റെ പലഭാഗങ്ങളിലും വ്യാപകമായി കുടിയൊഴിപ്പിക്കപ്പെടുകയാണ്. വിവിധ സർക്കാരുകളുടെ നേതൃത്വത്തിൽ പലവിധ വികസനാവശ്യങ്ങൾക്കായി വ്യാപകമായി വനഭൂമി നശിപ്പിക്കപ്പെട്ടതോടെ ആദിവാസി സമൂഹങ്ങൾക്ക് ഭൂമിയിന്മേലുള്ള എല്ലാ അവകാശവും നഷ്ടപ്പെട്ടു. അങ്ങനെയാണ് പല സ്ഥലങ്ങളിലും അവർ സമരത്തിലേക്ക് എത്തുന്നത്. അത്തരം ജനകീയ സമരങ്ങളിൽ പങ്കുചേരുന്നവരാണ് നമ്മൾ. വനാവകാശ നിയമത്തെക്കുറിച്ച് മാത്രമല്ല. ഭൂമിയുടെ അവകാശത്തെക്കുറിച്ച്, ജലാവകാശത്തെക്കുറിച്ച്, അത്തരം പൊതുവിഭവങ്ങളുടെയെല്ലാം മുകളിലുള്ള അവകാശത്തെക്കുറിച്ച് സംസാരിക്കുന്നവരും ഉത്കണ്ഠപ്പെടുന്നവരുമാണ് നമ്മൾ.

മുഴുവൻ സംരക്ഷണത്തെ കുറിച്ച് സംസാരിക്കുന്നവരും ഉത്കണ്ഠയുള്ളവരുമാണ്. നർമ്മദാ ബച്ചാവോ ആന്ദോളൻ പോലുള്ള, ജനങ്ങളെ കുടിയൊഴിപ്പിക്കുന്നതിന് എതിരായ സമരങ്ങളെ കുറിച്ച് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ഇതെല്ലാം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന സമരങ്ങളാണ്. ഒന്ന് മറ്റൊന്നിൽ നിന്നും വേർപ്പെടുത്തി കാണാൻ സാധിക്കുകയില്ല.

കേരളത്തിൽ 36 ആദിവാസി വിഭാഗങ്ങളുണ്ട്. അവരുടെ ഭാഷ, സംസ്കാരം, വേഷം തുടങ്ങിയ കാര്യങ്ങളൊന്നും പ്രകൃതി വിഭവങ്ങളിൽ നിന്നും വേർപ്പെടുത്തി കാണാനാകില്ല. ആ നിലനിൽപ്പിന്റെ അടിസ്ഥാനം തന്നെ അതാണ്. ആദിവാസി സമൂഹങ്ങൾ ഏറ്റവും അറിവുള്ള സമൂഹങ്ങളാണ്. പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കേണ്ടുന്നതിന്റെ പ്രധാന്യത്തെക്കുറിച്ച് അവർക്ക് നന്നായറിയാം. വനാവകാശനിയമ പ്രകാരം

⇨ *വനാവകാശ നിയമം വന്നതിനുശേഷം ആദിവാസികളുടെ പാരമ്പര്യാവകാശങ്ങൾ അംഗീകരിക്കപ്പെടുന്നുണ്ട്* ⇨



ഊരിനുചുറ്റുമുള്ള വനഭൂമിയിലും പുഴയിലുമെല്ലാം അവർക്ക് അധികാരങ്ങൾ ലഭിക്കുന്നു. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ടുതന്നെ ഝാർഖണ്ഡിലായാലും കേരളത്തിലായാലും ആദിവാസികൾ ഒരിഞ്ചു ഭൂമി പോലും വിട്ടുകൊടുക്കാൻ പാടില്ല എന്നതാണ് ഞാൻ പറയുന്നത്. ഇതൊക്കെ നമ്മുടെ പൂർവ്വികരുടെ ഭൂമിയാണ്. എവിടെയൊക്കെയാണ് ആദിവാസിയുള്ളത് അവിടെയൊക്കെ വനവും ഭൂമിയും നദിയും ഒക്കെ സുരക്ഷിതമാണ്. അത് എല്ലാ ജീവജാലങ്ങൾക്കുമുള്ളതാണ് എന്ന് അവർ മനസ്സിലാക്കുന്നു. ആദിവാസികൾ ഒന്നിച്ചു ജീവിക്കുന്നു എന്നതുകൊണ്ടുതന്നെ അവർ എല്ലാം ഒന്നിച്ചുതന്നെ സംരക്ഷിക്കുന്നു.

സമുദ്രത്തിൽ നിന്നെടുത്ത് മത്സ്യത്തെ കരയിൽ ഇടുന്നത് പോലെയാണ് ആദിവാസികളെ അവരുടെ ആവാസ വ്യവസ്ഥയിൽ നിന്നു മാറ്റുന്നത്. വനാവകാശ നിയമം വന്നതിനുശേഷം ആദിവാസികളുടെ പാരമ്പര്യാവകാശങ്ങൾ അംഗീകരിക്കപ്പെടുന്നുണ്ട്. ജോയിന്റ് ഫോറസ്റ്റ് മാനേജ്മെന്റ് വന്നപ്പോൾ പങ്കാളിത്ത വനസംരക്ഷണത്തെ കുറിച്ച് സംസാരിച്ചെങ്കിലും, അതിന്റെ അധികാരിയായി വനംവകുപ്പ് തന്നെ തുടരുകയാണുണ്ടായത്. വനാവകാശ നിയമം അതിൽ നിന്നും വ്യത്യസ്തമായി വനഭൂമിയിലും വിഭവങ്ങളിലും അധികാരം നൽകുന്നു. ഇന്ത്യയിലെ മുഴുവൻ കണക്ക് പരിശോധിച്ചാൽ, പരമ്പരാഗതമായി ഉപയോഗിക്കുന്ന ഭൂമിയിൽ അവകാശം കൊടുക്കുന്നതിനു പകരം വളരെ കുറഞ്ഞ അളവിലുള്ള ഭൂമിയിൽ മാത്രം അവകാശങ്ങൾ നൽകുന്നതായി കാണാം. ഇതിനെതിരെ ആദിവാസി വിഭാഗങ്ങളുടെ നേതൃത്വത്തിൽ ശക്തമായ സമരങ്ങൾ നടക്കുന്നുണ്ട്. ആദിവാസി വിഭാഗങ്ങളുടെ ഇത്തരം ശക്തമായ സമരം കൊണ്ടാണ് ശേഷിക്കുന്ന മരങ്ങളും നദികളുമൊക്കെ നിലനിൽക്കുന്നത്. അതുപോലെ പെസ നിയമത്തിന്റെ കാര്യത്തിലും 10 വർഷം കഴിഞ്ഞിട്ടും വനാവകാശ നിയമം കൃത്യമായി നടപ്പിലാക്കപ്പെടാത്തതിനെതിരെയും നാം സമരങ്ങൾ തുടരേണ്ടതുണ്ട്.

കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി സർക്കാർ പലരീതിയിൽ ഭൂമി തട്ടിയെടുക്കാൻ ശ്രമിക്കുന്നുണ്ട്. സർക്കാർ പുതിയ നിയമങ്ങളിലൂടെയും നയങ്ങളിലൂടെയും ലാൻഡ് ബാങ്കുകൾ രൂപീകരിക്കുകയും അതിലൂടെ ഭൂമി കുത്തകകൾക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. ദളിതർക്കും മുസ്ലീങ്ങൾക്കുമെതിരെയുള്ള ഭരണകൂടത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും നിയമപരമാക്കാനാണ് അവർ ശ്രമിക്കുന്നത്. ആദിവാസി സമൂഹങ്ങളോടൊപ്പം മറ്റു ന്യൂനപക്ഷങ്ങളും നിലകൊണ്ട് ഒറ്റക്കെട്ടായി പോരാടേണ്ടത് കാലത്തിന്റെ ആവശ്യമായിരിക്കുന്നു. വനാവകാശ നിയമം ഒരു വൃക്ഷം പോലെ നിലകൊള്ളുകയാണെങ്കിൽ അതിലെ പല ചില്ലകളായി എല്ലാവരും നിലകൊള്ളുകയും ഒരു പാരിസ്ഥിതിക-സാമൂഹിക സന്തുലനം സാധ്യമാകുകയും ചെയ്യണം.

നമുക്ക് നവ കേരളം സൃഷ്ടിക്കണം. നവ ഭാരതം സൃഷ്ടിക്കണം. അത് ജനാധിപത്യത്തിൽ അധിഷ്ഠിതമായിരിക്കണം. അവിടെ മാംസം കഴിച്ചതിന്റെ പേരിൽ ആരും ഹിംസിക്കപ്പെടരുത്. എന്തും കഴിക്കാനും എന്തും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യം നൽകുന്നതായിരിക്കണം ആ ജനാധിപത്യം. അംബേദ്കർ മുന്നോട്ടുവെച്ച ജനാധിപത്യ ആശയങ്ങളിൽ ഉറച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോകാം. ഭഗത്സിംഗിനെയും ബിർസാ മുണ്ടയെയും പോലുള്ള ബ്രിട്ടീഷുകാരാൽ കൊലചെയ്യപ്പെട്ട ധീരരുടെ നാടാണിത്. അതുകൊണ്ട് തന്നെ പുതിയ തലമുറ നല്ല കാര്യങ്ങൾ പഠിക്കുകയും സ്വപ്നം കാണുകയും ചെയ്യണം. നാളത്തെ നയങ്ങളെയും നിയമങ്ങളെയും രൂപപ്പെടുത്തുന്ന, ഭരണത്തെ നിർവചിക്കുന്ന ആളുകളായി മാറണം. ജാർഖണ്ഡ് കീ ജൊഹാർ.■